**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **21-06-2024 - ൽ മറുപടിയ്ക്ക്**

**തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ നിയമിക്കപ്പെട്ട ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ശിപാർശകൾ പരിശോധിച്ചു വരുന്നു. |
| (ബി) | 1950-ന് മുമ്പ് കേരളത്തിലേക്ക് വന്നു താമസിച്ച തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമേ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ സാധിക്കുകയുള്ളുവെന്ന നിയമം ഭേദഗതി വരുത്തി 1975 ന് മുമ്പ് കേരളത്തിൽ സ്ഥിരം താമസമാക്കിയവർക്കും ജാതി സർട്ടിഫിക്കറ്റ് നൽകുവാനുള്ള കമ്മിഷൻ ശിപാർശയിന്മേൽ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ; | (ബി) | ശിപാർശകൾ പരിശോധിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മലയാളം അല്ലാത്ത മറ്റൊരു ഭാഷ ഒന്നാം ഭാഷയായിട്ടുള്ള ഭാഷാന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ റിക്രൂട്ട്മെന്റിൽ വ്യവസ്ഥകൾക്ക് വിധേയമായി മലയാളം ടൈപ്പ് റൈറ്റിംഗ് യോഗ്യത ഒഴിവാക്കിക്കൊണ്ടുള്ള 11-05-1977 ലെ G.O.(P)No.139/77/GAD ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം വിവിധ സർക്കാർ കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയ്ക്ക് കൂടി ബാധകമാക്കിക്കൊണ്ട് 26-10-2019 ലെ G.O.(P)No.16/2019/GAD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്കായി പ്രത്യേകമായി ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടില്ല. |
| (ഡി) | തമിഴ് ഭാഷാ ന്യൂനപക്ഷവിദ്യാർത്ഥികളുടെ കലയും സംസ്കാരവും കാത്തുസൂക്ഷിക്കുവാനും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുവാനും ഇടുക്കി ജില്ലയിൽ ഒരു തമിഴ് | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | അക്കാദമി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ; | | |
| (ഇ) | തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള സംസ്ഥാനതല യോഗങ്ങൾ കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ എത്രതവണയാണ് കൂടിയത്; വിശദമാക്കാമോ? | (ഇ) | 01.08.2017, 26.11.2018 എന്നീ തീയതികളിലായി രണ്ട് തവണ സംസ്ഥാനതല ഭാഷാന്യൂനപക്ഷ യോഗങ്ങൾ കൂടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ